Sunday
Vol. 14 No. 31 CYCLE - C
വെർബും ദോമിനി
VERBUM DOMINI
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ
2025 ജൂൺ 22

## ദിവ്യകാരുണ്യത്തിരുനാൾ

# ജീവന്റെ ആഘോഷം

ഫാ. തോമസ് കളത്തിൽ



ഫ്രാൻസിസ് പാപ്പായുടെ സംസ്ക്കാരചടങ്ങിന്റെ തൽസമയ റിപ്പോർട്ടുകളുടെ സമയത്ത് ഒരു റിപ്പോർട്ടർ പറയുകയുണ്ടായി "കത്തോലിക്കർക്ക് മൃതശരീരത്തോട് ഒരു പ്രത്യേക മമതയുണ്ട്" എന്ന്. വിശുദ്ധരുടെ അഴുകാത്ത ശരീരഭാഗങ്ങൾ, അസ്ഥികൾ തുടങ്ങിയ തിരുശേഷിപ്പുകളുടെ വണക്കവും അതിനോടനുബന്ധിച്ച് തീർത്ഥാടനം സംഘടിപ്പിക്കുന്നതും, പണം സമ്പാദിക്കുന്നതുമൊക്കെ സഭയുടെ രീതിയാണ് എന്നാണ് അവർ വിമർശനാത്മകമായി അവതരിപ്പിച്ചത്. അതായത് മരണത്തെ, അതിന്റെ അവസ്ഥകളെ സഭ സാമ്പത്തിക നേട്ടത്തിനായി ഉപയോഗിക്കുന്നു എന്നായിരുന്നു വിമർശനം.

ശരിയാണ്, മരണവുമായി ബന്ധപ്പെട്ട അവസ്ഥകളെ സഭ തള്ളിപ്പറയുന്നില്ല. എന്നാൽ ഈ വണക്കം അവരുടെ ഭാഷയിൽ പറഞ്ഞാൽ 'മരണത്തെ ആഘോഷിക്കുന്നത്' എന്തിനാണെന്ന് ആ മാധ്യമപ്രവർത്തക ശരിയായി മനസ്സിലാക്കിയിട്ടില്ലായെന്ന് തോന്നുന്നു.

മരണത്തെപ്പറ്റി സംസാരിക്കുമ്പോൾ സഭ നമ്മെ ഓർമ്മിപ്പിക്കുന്നത് നിത്യജീവിതത്തെയാണ്. അതിനടിസ്ഥാനം യേശുവിന്റെ വചനങ്ങളും, ജീവിതവും അതിലുപരി മരണത്തെ അതിജീവിച്ച അവന്റെ പുനരുത്ഥാനവുമാണ്. "ഞാൻ വന്നിരിക്കുന്നത് ജീവൻ സമൃദ്ധമായി നൽകുവാനാണ്," "വഴിയും സത്യവും ജീവനും ഞാനാകുന്നു," "ഞാൻ ജീവന്റെ അപ്പമാകുന്നു" എന്നിങ്ങനെയുള്ള യേശുവിന്റെ വചനങ്ങൾ സുവിശേഷകരിലൂടെ നാം കേൾക്കുന്നുണ്ട്.

ഇന്ന് യേശുവിന്റെ തിരുശരീരത്തിന്റെയും തിരുരക്തത്തിന്റെയും തിരുനാൾ നാം ആഘോഷിക്കുമ്പോൾ ജീവന്റെ നാഥനെയാണ് നാം പ്രഘോഷിക്കുന്നത്. അപ്പത്തിന്റെ രൂപത്തിൽ നമ്മോടൊപ്പമായിരിക്കുവാൻ ആഗ്രഹിച്ച ജീവനുള്ള ദൈവത്തിന്റെ ഓർമ്മ. മരണത്തിനപ്പുറം ജീവന്റെ ആഘോഷമുണ്ടെന്ന ഓർമ്മപ്പെടുത്തൽ. ഒപ്പം യഥാർത്ഥ സ്നേഹം പങ്കുവയ്പിന്റേതാണെന്നും യേശു നമ്മെ പഠിപ്പിക്കുന്നു. എല്ലാം സ്വന്തം നിയന്ത്രണത്തിൻ കീഴിലാക്കാൻ ശ്രമിക്കുന്ന തിമിരം ബാധിച്ച അധികാരക്കൊതിയന്മാർ നിറഞ്ഞ ഇന്നത്തെ ലോകത്തിൽ യേശു പഠിപ്പിച്ച പങ്കുവയ്ക്കലിന്റെ പാഠം പ്രാവർത്തികമാക്കുക അത്ര എളുപ്പമുള്ള ഒന്നല്ല. എങ്കിലും യേശു പറയുന്നു: ഇപ്രകാരമുള്ള പങ്കുവയ്ക്കലിലൂടെ മാത്രമേ സ്നേഹത്തിന്റെ സ്മരണ നിലനിർത്താനാവൂ... ജീവന്റെ ഓർമ്മ ആഘോഷിക്കാനാവൂ...

ലോകം മുഴുവനും കത്തോലിക്കർ ചെറുതും വലുതുമായ പ്രദക്ഷിണങ്ങളിലൂടെ ഈ വിശ്വാസം ഏറ്റുപറയുമ്പോൾ ഈ ജീവനെയാണ് പ്രഘോഷിക്കുന്നത്. മരണത്തിന്മേൽ വിജയം വരിച്ച ദൈവത്തിന്റെ ജീവനിൽ നമ്മളും പങ്കുകാരാകുന്നു. ഈ ദൈവമാണ് നമ്മുടെ വഴികാട്ടി.

സ്നേഹമുള്ളവരേ, ജീവനുവേണ്ടി നിലകൊള്ളുന്ന ഒരു വിശ്വാസ സംസ്ക്കാരമാണ് ക്രൈസ്തവന്റേത്. നിത്യജീവിതത്തിലേക്കുള്ള ചുവടുവയ്പാണ് മരണം. ഈ പ്രത്യാശയാണ് നാം പ്രഖ്യാപിക്കുന്നത്. ജീവന്, പ്രത്യേകിച്ച് മനുഷ്യന്റെ ജീവന് മൂല്യം നഷ്ടമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജീവനുവേണ്ടി കത്തോലിക്കാസഭ സ്വരമുയർത്തുന്നതും ഈ വിശ്വാസത്തിന്റെ ബലത്തിലാണ്.

നമ്മുടെ ദൈവം ജീവനുള്ളവരുടെ ദൈവമാണ്. ഈ സജീവ ദൈവത്തിന് പ്രദക്ഷിണവഴികളിലൂടെ മാത്രമല്ല നമ്മുടെ ജീവിതത്തിലൂടെയും സാക്ഷ്യം നൽകുമ്പോൾ അവിടെയൊക്കെ ഓരോ ദിവസവും പരിശുദ്ധ കുർബ്ബാനയുടെ ആഘോഷമാണ് നടക്കുന്നത്. നമുക്കായി ജീവൻ പകർന്നു തന്ന് ഓരോ ദിവ്യബലിയിലൂടെയും നമ്മുടെ ജീവന്റെ ഭാഗമാവുന്ന ദൈവത്തിന് നന്ദി പറയാം. അവനോടൊപ്പം നമ്മുടെ ജീവിതം ജീവസുറ്റതും, നന്മയുള്ളതുമാക്കാം. ദൈവം നമ്മെ എല്ലാവരെയും തന്റെ ജീവനാൽ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

## ആമുഖം

സ്നേഹമുള്ളവരെ, ഇന്ന് സാർവ്വത്രിക സഭ പരി. ദിവ്യകാരുണ്യത്തിന്റെ തിരുനാൾ ഭക്ത്യാദര പൂർവ്വം കൊണ്ടാടുകയാണ്. ഉള്ളതു മുഴുവനായി പകത്തു നൽകുന്ന പൂർണ്ണതയുടെ തിരുനാളാണ് ദിവ്യകാരുണ്യത്തിന്റെ തിരുനാൾ. പിതാവായ ദൈവം തന്റെ ഏക ജാതനെ നമ്മുടെ രക്ഷയ്ക്കായി ഭൂമിയിലേയ്ക്ക് അയച്ചപ്പോൾ പുത്രൻ തന്നെത്തന്നെ മുഴുവനായി മുറിച്ചു വിളമ്പി തന്റെ ദൗത്യം പൂർത്തീകരിക്കുന്നു. പൂർണ്ണമായൊരു സമർപ്പണം നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടത് എപ്രകാരമാണെന്നു കൂടി ഇന്നത്തെ തിരുവചനത്തിലൂടെ അവിടുന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു. അപ്പോസ്തലന്മാരോട് വിശന്നു വലഞ്ഞ ജനസമൂഹത്തിന്റെ വിശപ്പടക്കാൻ നിങ്ങൾ തന്നെ ഭക്ഷണം കൊടുക്കുവിൻ എന്നു പറഞ്ഞപ്പോൾ, അവർ ഒന്നും മാറ്റി വയ്ക്കാതെ ഉള്ളത് മുഴുവൻ അവിടുത്തെ കരങ്ങളിൽ സമർപ്പിക്കുന്നു. അപ്പോഴാണ് ഈശോയ്ക്ക് അത്ഭുതം പ്രവർത്തിക്കുവാനായിട്ട് സാധിച്ചത്. നമുക്കും നമ്മുടെ ഉള്ളും, ഉള്ളതും അവിടുത്തെ കരങ്ങളിൽ സമർപ്പിക്കാം. അത് നമ്മുടെ സമ്പത്താകാം, കഴിവുകളാകാം, സമയമാകാം. അപ്പോൾ അവൻ അത് എടുത്ത്, വാഴ്ത്തി, വിഭജിച്ച് നമുക്ക് വിളമ്പി തരും. ഇത്ര ചെറിയൊരു അപ്പമായി നമ്മിലേയ്ക്ക് എഴുന്നുള്ളി വരാൻ അവൻ സഹിച്ച വേദനകളെയും, സഹനങ്ങളെയും കുറിച്ച് ധ്യാനിച്ച് ഈ ദിനം ധന്യമാക്കാൻ അവിടുത്തെ അനുഗ്രഹം യാചിച്ചു കൊണ്ട് ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം.

## ഒന്നാം വായന

### ഉൽപ്പത്തി പുസ്തകത്തിൽനിന്ന് (14 : 18-20)

*(മെൽക്കിസെദെക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്നു)*

സാലെം രാജാവായ മെൽക്കിസെദെക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്നു. അത്യുന്നതനായ ദൈവത്തിൻെറ പുരോഹിതനായിരുന്നു അവൻ. അവൻ അബ്രാമിനെ ആശീർവദിച്ചുകൊണ്ടു പറഞ്ഞു: ആകാശത്തിൻെറയും ഭൂമിയുടെയും നാഥനായ അത്യുന്നത ദൈവത്തിൻെറ കൃപാകടാക്ഷം നിൻെറ മേലുണ്ടാകട്ടെ! ശത്രുക്കളെ നിന്റെ കൈയിലേൽപിച്ച അത്യുന്നതദൈവം അനുഗൃഹീതൻ. അബ്രാം എല്ലാറ്റിൻെറയും ദശാംശം അവനുകൊടുത്തു.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (110 : 1, 2, 3, 4)

**മെൽക്കിസെദെക്കിന്റെ ക്രമമനുസരിച്ചു നീ എന്നേക്കും പുരോഹിതനാകുന്നു.**

കർത്താവ് എൻെറ കർത്താവിനോട് അരുളിച്ചെയ്തു: ഞാൻ നിൻെറ ശത്രുക്കളെ നിൻെറ പാദപീഠമാക്കുവോളം നീ എൻെറ വലത്തുഭാഗത്തിരിക്കുക.

**മെൽക്കിസെദെക്കിന്റെ .....**

കർത്താവു സീയോനിൽനിന്നു നിൻെറ അധികാരത്തിൻെറ ചെങ്കോൽ അയയ്ക്കും; ശത്രുക്കളുടെ മധ്യത്തിൽ നീ വാഴുക.

**മെൽക്കിസെദെക്കിന്റെ .....**

വിശുദ്ധ പർവതത്തിലേക്കു നീ സേനയെ നയിക്കുന്ന ദിവസം നിൻെറ ജനം മടികൂടാതെ തങ്ങളെത്തന്നെ നിനക്കു സമർപ്പിക്കും; ഉഷസ്സിൻെറ ഉദരത്തിൽനിന്നു മഞ്ഞെന്നപോലെ യുവാക്കൾ നിൻെറ അടുത്തേക്കുവരും.

**മെൽക്കിസെദെക്കിന്റെ .....**

കർത്താവു ശപഥം ചെയ്തു: മെൽക്കിസെദെക്കിൻെറ ക്രമമനുസരിച്ചു നീ എന്നേക്കും പുരോഹിതനാകുന്നു, അതിനു മാറ്റമുണ്ടാവുകയില്ല.

**മെൽക്കിസെദെക്കിന്റെ .....**

## രണ്ടാം വായന

### വി. പൗലോസ് അപ്പസ്തോലൻ കോറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽനിന്ന് (11: 23-26)

*(നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്.)*

സഹോദരരേ, കർത്താവിൽനിന്ന് എനിക്കു ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേൽപിച്ചതുമായ കാര്യം ഇതാണ്: കർത്താവായ യേശു, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ, അപ്പമെടുത്ത്, കൃതജ്ഞതയർപ്പിച്ചതിനുശേഷം, അതു മുറിച്ചുകൊണ്ട് അരുളിച്ചെയ്തു: ഇത് നിങ്ങൾക്കുവേണ്ടിയുള്ള എൻെറ ശരീരമാണ്. എൻെറ ഓർമയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ. അപ്രകാരം തന്നെ, അത്താഴത്തിനുശേഷം പാനപാത്രമെടുത്ത് അരുളിച്ചെയ്തു: ഇത് എൻെറ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്; നിങ്ങൾ ഇതു പാനം ചെയ്യുമ്പോഴെല്ലാം എൻെറ ഓർമയ്ക്കായി ചെയ്യുവിൻ. നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിൻെറ മരണം, അവൻെറ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Jn. 6 : 51) സ്വർഗത്തിൽനിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്; ആരെങ്കിലും ഈ അപ്പത്തിൽ നിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും - അല്ലേലൂയാ!

## സുവിശേഷം

### ലൂക്കായുടെ വിശുദ്ധ സുവിശേഷത്തിൽ നിന്നുള്ള വായന (9 : 11b-17)

*(എല്ലാവരും ഭക്ഷിച്ചു തൃപ്തരായി)*

അക്കാലത്ത്, യേശു ജനങ്ങളെ സ്വീകരിച്ച് ദൈവ രാജ്യത്തെപ്പറ്റി അവരോടു പ്രസംഗിക്കുകയും രോഗ ശാന്തി ആവശ്യമായിരുന്നവരെ സുഖപ്പെടുത്തുകയും ചെയ്തു. പകൽ അസ്തമിച്ചു തുടങ്ങിയപ്പോൾ പന്ത്രണ്ടു പേരും അടുത്തുവന്ന് അവനോടു പറഞ്ഞു: നാം വിജനപ്രദേശത്തായതുകൊണ്ട് ഗ്രാമങ്ങളിലും നാട്ടിൻ പുറങ്ങളിലും പോയി താമസിക്കുന്നതിനും ഭക്ഷണ സാധനങ്ങൾ വാങ്ങുന്നതിനും ജനങ്ങളെ പറഞ്ഞ യയ്ക്കുക. അവൻ പ്രതിവചിച്ചു: നിങ്ങൾ അവർക്കു ഭക്ഷണം കൊടുക്കുവിൻ. അവർ പറഞ്ഞു: ഞങ്ങളുടെ പക്കൽ അഞ്ച് അപ്പവും രണ്ടു മത്സ്യവും മാത്രമേയുള്ളൂ, ഈ ജനങ്ങൾക്കെല്ലാവർക്കും ഭക്ഷണം നൽകണമെങ്കിൽ ഞങ്ങൾ പോയി വാങ്ങിക്കൊണ്ടുവരണം. അവിടെ ഏകദേശം അയ്യായിരം പുരുഷൻമാർ ഉണ്ടായിരുന്നു. അവൻ ശിഷ്യൻമാരോടു പറഞ്ഞു: അമ്പതുവീതം പന്തികളായി ജനങ്ങളെ ഇരുത്തുവിൻ. അവർ അങ്ങനെ ചെയ്തു; എല്ലാവരെയും ഇരുത്തി. അപ്പോൾ അവൻ ആ അഞ്ച് അപ്പവും രണ്ടു മീനും എടുത്ത്, സ്വർഗത്തിലേക്കു കണ്ണുകൾ ഉയർത്തി അവ ആശീർവദിച്ചു മുറിച്ച്, ജനങ്ങൾക്കു വിളമ്പാനായി ശിഷ്യൻമാരെ ഏൽപിച്ചു. എല്ലാവരും ഭക്ഷിച്ചു തൃപ്തരായി. ബാക്കി വന്ന കഷണങ്ങൾ പന്ത്രണ്ടു കുട്ടനിറയെ അവർ ശേഖരിച്ചു.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരെ, നിത്യജീവൻ നൽകുന്ന അപ്പമായി തന്നെത്തന്നെ സ്വയം വിഭജിച്ച് നൽകിയ സർവ്വശക്തനായ ദൈവത്തിന്റെ മുമ്പിൽ നമ്മുടെ എളിയ പ്രാർത്ഥനകൾ സമർപ്പിക്കാം.

1. സ്നേഹ പിതാവായ ദൈവമേ, പത്രോസിന്റെ പിൻഗാമിയായി അങ്ങ് തെരഞ്ഞെടുത്ത പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ സഭാശുശ്രൂക്ഷകരെയും അനുഗ്രഹിക്കണമെ. അങ്ങെ തിരുക്കുമാരൻ സ്ഥാപിച്ച ദിവ്യകാരുണ്യമെന്ന കൂദാശ അനുദിനം പരികർമ്മം ചെയ്യുവാൻ ഇവരെ അനുവദിക്കുന്നതിനെ ഓർത്ത് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. സഭാതനയരെ വിശുദ്ധിയിൽ നിലനിർത്തുവാൻ വേണ്ട കൃപയും, വിശ്വാസ സ്ഥിരതയും, പ്രാർത്ഥനാ ചൈതന്യവും നൽകി ഇവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. നല്ല ദൈവമേ, അങ്ങെ തിരുക്കുമാരന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ട ഞങ്ങളെ ഓരോരുത്തരെയും സമർപ്പിക്കുന്നു. ഒറ്റിക്കൊടുത്തവനെയും, തള്ളിപ്പറഞ്ഞവനെയും, ഉപേക്ഷിച്ചുപോയവരെയും ഒരുപോലെ സ്നേഹിച്ച ദിവ്യനാഥാ, ഞങ്ങളുടെ ജീവിതയാത്രയിലും ഇത്തരം അവസ്ഥകളിലൂടെ കടന്നു പോകേണ്ടി വരുമ്പോൾ നിന്റെ കുരിശിന്റെ മറുവശത്ത് ഞങ്ങളെയും ചേർത്തുനിർത്തണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. വിശുദ്ധ കുർബാന എന്ന ബലിയിലൂടെ ആത്മീയ ഭക്ഷണമായി തന്നെത്തന്നെ നൽകി ഞങ്ങളെ നിത്യം പരിപാലിക്കുന്ന നാഥാ, അതിനായി അങ്ങ് സ്ഥാപിച്ച പൗരോഹിത്യ പദവി വഴി സഭയെ ധന്യമാക്കിയതിന് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. ഈ പരിശുദ്ധ ബലി അർപ്പിക്കുവാൻ ധാരാളം പൗരോഹിത്യ ദൈവവിളികൾ നൽകി ഞങ്ങളുടെ കുടുംബങ്ങളെയും, സഭയെയും അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. സ്നേഹ നാഥാ, ഒരുവന്റെ പാദം വരെ കുമ്പിടുവാനുള്ള എളിമയാണ് പരസ്പരം സ്നേഹിക്കുവാനുള്ള മാനദണ്ഡമെന്ന് അങ്ങെ തിരുക്കുമാരൻ ഞങ്ങൾക്ക് കാണിച്ചു തന്നുവല്ലോ. ആ വലിയ മാതൃക സ്വന്തമാക്കുവാൻ തടസ്സമായി നിൽക്കുന്ന ഞങ്ങളുടെ ഉള്ളിലെ അഹങ്കാരത്തെയും, വെറുപ്പിനെയും, വിദ്വേഷത്തെയും നീക്കി, ഒരു പുതു ചൈതന്യം ഞങ്ങളിൽ നിക്ഷേപിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. സ്വർഗ്ഗീയ ഭവനമൊരുക്കി ഞങ്ങളെ കാത്തിരിക്കുന്ന നല്ല ദൈവമേ, ഈ ഭൂമിയിൽ അങ്ങ് ഏൽപ്പിച്ച ഉത്തരവാദിത്വം പൂർത്തിയാക്കി, ഈ ലോകത്തോട് വിടപറഞ്ഞ എല്ലാ ആത്മാക്കൾക്കും നിത്യശാന്തി നൽകണമെ. മാനവ രക്ഷയ്ക്കായി അങ്ങെ തിരുക്കുമാരൻ ചിന്തിയ തിരുരക്തത്തിന്റെ യോഗ്യതയാൽ ഇവരെ വിശുദ്ധീകരിച്ച്, സ്വർഗ്ഗത്തിൽ പരിശുദ്ധ അമ്മയോടും, സകല വിശുദ്ധരോടുമൊപ്പം നിത്യം അങ്ങയെ പാടി സ്തുതിക്കുവാനുള്ള ഭാഗ്യമരുളണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : സ്നേഹ താതാ, പരിശുദ്ധ കുർബ്ബാനയിൽ അധിഷ്ഠിതമായ ഒരു ജീവിതം നയിച്ചുകൊണ്ട് സ്വയം ചെറുതാകുവാനും, മറ്റുള്ളവർക്കായി മുറിയപ്പെടുവാനും ഞങ്ങളെയും യോഗ്യരാക്കണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : സി. ബെബി ലിയോൺ SHE

## ഗാനങ്ങൾക്ക് (You Tube: Verbum Domini Songs)

ഗാനങ്ങൾ തെരഞ്ഞെടുത്തത് : സി. ഹെലീന ആൽബി A. S. A.

### പ്രവേശന ഗാനം

അൽത്താരതൻ... തണലിൽ വാഴുവാൻ...
അനുതാപമോടെ അണയാം... (2)
ഒരു മനമോടെ നിറ ദീപവുമായ്
തിരുപാദം തേടി അണയാം... (2)
ഈ അത്താഴമേശയിൽ...

വരുവിൻ ബലിയേകിടാം
വരുവിൻ സ്തുതി പാടിടാം (2)

കാൽവരി യാഗത്തിൻ പുണ്യ ഓർമ്മയിത്
പാരിന്റെ നാഥൻ തൻ സ്നേഹ യാഗമിത്... (2)
സങ്കീർത്തനം സ്തുതി ഗീതമായ്...
വരമഴ ചൊരിയുമീ ബലിയിൽ...
പങ്കുചേരാം... ഒന്നുചേരാം... (അൽത്താരതൻ........)

### കാഴ്ചവയ്പ് ഗാനം

കൈക്കുമ്പിളിൽ കാഴ്ച്ചയുമായ്
ബലിവേദിയിൽ നിന്നീടുമീ
തിരുയാഗമർപ്പിക്കും അൽത്താരയിൽ
തിരുവോസ്തിരൂപനാം എൻ ദൈവമേ
കാഴ്ച്ചകൾ സ്വീകരിക്കൂ

നൽക്കാഴ്ച്ചയായ് എൻ ജീവിതം
സമ്പൂർണ്ണമായ് നൽകുന്നിതാ
അഞ്ചപ്പം അയ്യായിരമായ് നൽകിയ നാഥാ
കുരിശോടു ചേർന്നപ്പോൾ സ്നേഹിച്ച നാഥാ
സ്വീകരിക്കൂ ഈ ജീവിതം
നിൻ ദിവ്യദാനങ്ങൾ നീ നിറയ്ക്കൂ

സ്വർഗ്ഗീയ ദാനങ്ങൾ കാണുവാനായ്
എന്നുള്ളം നീ തുറക്കൂ (2)
ബലിവേദിയിൽ ഉയരും നിൻ കൈകളിൽ
നിറയുന്ന പൊൻകാസയിൽ
സ്വീകരിക്കൂ ഈ ജീവിതം
നിൻ ദിവ്യദാനങ്ങൾ നീ നിറയ്ക്കൂ

### ദിവ്യകാരുണ്യ ഗാനം

ചെറുതാകുമീ അപ്പത്തിനുള്ളിൽ
വലുതാകുമാ സ്നേഹം തന്ന്
ഒരു തുള്ളി മുന്തിരിച്ചാറിൽ നാഥൻ
കടലോളം സ്നേഹം നിറച്ചു
നിത്യമാം ജീവൻ ചൊരിഞ്ഞു (ചെറുതാ......)

മുറിയും ഹൃദയത്തിൽ മുറിയാത്തൊരു സ്നേഹം
ചിതറും രക്തത്തിൽ പതറാത്തൊരു ത്യാഗം (2)

ജീവൻ തുടിക്കുമീ കുർബ്ബാന
കൈക്കൊള്ളുമെന്നിൽ ജീവാമൃതം (2)
കാത്തിതാ നിൽപ്പൂ നിന്നാഗമനം
ധന്യമായ് തീരുന്നു ഈ നിമിഷം (2) (മുറിയും......)

നിന്നിൽ നിന്നും അകലാതെ
കരുതേണമേ പൊൻസ്നേഹമേ (2)
ദൂരെയകന്നാലും തേടിയെത്തി
തിരികെ നടത്തുന്ന കാരുണ്യമേ (2) (മുറിയും......)

| Jun | വിശുദ്ധർ | വായനകൾ |
|---|---|---|
| 23 Mon | St. Joseph Cafasso | Gen 12: 1-9/ Ps 33: 12. 13. 18-19. 20 and 22/ Mt 7: 1-5 |
| 24 Tue | St. John the Baptist | Is 49: 1-6/ Ps 139: 1-3. 13-14ab. 14c-15/ Act 13: 22-26/ Lk 1: 57-66. 80 |
| 25 Wed | St. William of Vercelli | Gen 15: 1-12. 17-18/ Ps 105: 1-2. 3-4. 6-7. 8-9/ Mt 7: 15-20 |
| 26 Thu | St. Anthelm | Gen 16: 1-12. 15-16/ Ps 106: 1-2. 3-4a. 4b-5/ Mt 7: 21-29 |
| 27 Fri | St. Cyril of Alexandria | Gen 17: 1. 9-10. 15. 22/ Ps 128: 1-2. 3. 4-5/ Mt 8: 1-4 |
| 28 Sat | St. Irenaeus | Is 61: 9-11/ Ps 1 Sam 2: 1. 4-5. 6-7. 8abcd/ Lk 2: 41-51 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor

JESUS LOVES YOU.


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.